**15 -ാം കേരള നിയമസഭ**

**3 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 5107** **02-11-2021 - ൽ മറുപടിയ്ക്ക്**

**മഴക്കെടുതി മൂലം കാർഷിക മേഖലയ്ക്കുണ്ടായ നഷ്ടങ്ങൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. കെ. ജെ. മാക്സി | | **Shri. P. Prasad**<br>(കൃഷി വകുപ്പ് മന്ത്രി) | |
| (എ) | ഈ സർക്കാർ അധികാരമേറ്റതിനുശേഷം ഈയടുത്ത കാലത്തുണ്ടായ മഴക്കെടുതി മൂലം കാർഷിക മേഖലയ്ക്കുണ്ടായ നഷ്ടങ്ങളും കർഷകർക്കുണ്ടായ ദുരിതങ്ങളും സംബന്ധിച്ച വിശദാംശങ്ങൾ ലഭ്യമാക്കാമോ; | (എ) | 2021 ഒക്ടോബർ മാസത്തിലുണ്ടായ പ്രകൃതിക്ഷോഭത്തിൽ AIMS Portal-ലെ പ്രാഥമിക വിവര റിപ്പോർട്ട് പ്രകാരം 11.10.2021 മുതൽ 31.10.2021 വരെ പ്രാഥമിക കണക്കെടുപ്പ് പ്രകാരം 134026 കർഷകരുടെ 69,824.5 ഹെക്ടർ സ്ഥലത്തെ വിളകൾക്ക് നാശനഷ്ടം സംഭവിച്ചതായി കണക്കാക്കിയിട്ടുണ്ട്. |
| (ബി) | ഇവരെ സഹായിക്കാനായി സ്വീകരിച്ച നടപടികൾ എന്തെല്ലാമെന്നും കേന്ദ്ര സഹായം അഭ്യർത്ഥിച്ചിരുന്നുവോ എന്നും വ്യക്തമാക്കുമോ? | (ബി) | പ്രകൃതിക്ഷോഭം മൂലം നാശനഷ്ടം സംഭവിച്ച കർഷകർക്ക് കേന്ദ്ര സർക്കാരിന്റെ സംസ്ഥാന ദുരന്ത പ്രതികരണ നിധിയിൽ നിന്നുമുള്ള തുകയും, സംസ്ഥാന സർക്കാരിന്റെ അധിക ധനസഹായവും നഷ്ടപരിഹാരമായി നൽകുന്നതാണ്. കൂടാതെ വിള ഇൻഷ്വറൻസ് പദ്ധതികളിൽ അംഗമായ കർഷകർക്ക് വിള നാശം സംഭവിച്ചാൽ സംസ്ഥാന വിള ഇൻഷ്വറൻസ് പദ്ധതി, പ്രധാൻമന്ത്രി ഫസൽ ബീമാ യോജന, കാലാവസ്ഥാ അധിഷ്ഠിത വിള ഇൻഷ്വറൻസ് പദ്ധതി എന്നിവ മുഖേന മാനദണ്ഡങ്ങൾക്കനുസരിച്ച് നഷ്ടപരിഹാര തുക നൽകുന്നതാണ്. പ്രകൃതിക്ഷോഭം മൂലം നാശനഷ്ടം സംഭവിച്ച കർഷകരെ സഹായിക്കുന്നതിനും നഷ്ടത്തിന്റെ തോത് തിട്ടപ്പെടുത്തുന്നതിനും അടിയന്തിര ഇടപെടലുകൾ നടത്തുന്നതിനുമായി ഓരോ ജില്ലകളിലും, സംസ്ഥാന തലത്തിൽ കൃഷി വകുപ്പ് ഡയറക്ടറുടെ കാര്യാലയത്തിലും, കൃഷി വകുപ്പ് മന്ത്രിയുടെ ഓഫീസിലും കൺട്രോൾ റൂമുകൾ പ്രവർത്തിക്കുന്നുണ്ട്.കൃഷിനാശം സംഭവിച്ച കർഷകർക്ക് അടിയന്തിര നഷ്ടപരിഹാരം ലഭിക്കുന്നതിനായി AIMS പോർട്ടൽ മുഖേന അപേക്ഷ സമർപ്പിക്കുവാൻ പത്രമാധ്യമങ്ങളിലൂടെയും സാമൂഹ്യമാധ്യമങ്ങളിലൂടെയും ബോധവൽക്കരണം നടത്തിവരുന്നു. അപേക്ഷകളിന്മേൽ ഫീൽഡ്തല പരിശോധനകൾ അടിയന്തിരമായി |

| | | | |
|---|---|---|---|
| | | | നടത്തിവരികയാണ്. നിലവിൽ കേന്ദ്ര സഹായം ആവശ്യപ്പെട്ടിട്ടില്ല. |

സെക്ഷൻ ഓഫീസർ